

# ഗ്രാമനാടകവേദി

ഇടശ്ശേരി

ഉൾനാടുകൾ നിരുത്സവങ്ങളായിക്കിടക്കുകയാണ്. അവിടെ പഴയ കാലത്തെ വിനോദരംഗങ്ങളുടെ അവശിഷ്ടങ്ങൾപോലും ഇല്ലാതായിക്കഴിഞ്ഞു. എങ്ങാനും, മുഖ്യമായ ഗ്രാമക്ഷേത്രങ്ങളിൽ ആണ്ടുതോറുമുള്ള ഉത്സവത്തോടനുബന്ധിച്ച് നടത്തിവരുന്ന ഓട്ടൻതുള്ളലുകളും, ചാക്യാർകൂത്തുകളും പാവക്കൂത്തുകളും ആസ്വാദകർ കുറഞ്ഞു കുറഞ്ഞു വരുന്നതോടെ 'സേവാ' മാത്രങ്ങളായി കലാശിച്ചിരിക്കുന്നു. തത്തദ് കലാകാരന്മാർക്ക് തന്നെ അവയിൽനിന്നുള്ള ലഭ്യത്തിന്റെ കുറവുപോലെ പ്രകടനോത്സാഹവും കുറഞ്ഞുകുറഞ്ഞുവരുന്നു. മതത്തിന്റെ തണലിലും, മുതലുള്ള ക്ഷേത്രങ്ങളുടെ ആഭിമുഖ്യത്തിലും നടന്നുവരുന്നതുകൊണ്ട് അവ അസ്തമിച്ചിട്ടില്ലെന്നു മാത്രം.

ഇത്തരം ആനുകൂല്യങ്ങളൊന്നുമില്ലാതെ നാട്ടിൽ അന്നന്നു ചെറുപ്പക്കാരായവർ നടത്തിവന്ന പല വിനോദരംഗങ്ങളുമുണ്ട്. അവയിൽ പ്രധാനപ്പെട്ടതായിരുന്നു നാടകവേദി. തുറന്ന നാടകവേദികളായിരുന്നു അവ. പ്രേക്ഷകരോട് യാതൊരു പ്രതിഫലവും വസൂലാക്കിയിരുന്നില്ല. അരങ്ങേറ്റച്ചെലവും ലഘുവായിരുന്നു. നാട്ടിൽ സഹൃദയന്മാരായ വല്ല പ്രമാണിമാരും അതു നടത്തും. പലപ്പോഴും ഉത്സാഹികളായ നടന്മാർ തന്നെ ചെലവ് പങ്കിട്ടു വഹിച്ചെന്നും വരും. ഒരൊറ്റക്കാര്യത്തിലേ വിഷമമുണ്ടായിരുന്നുള്ളൂ. സംഗീതം അഭ്യസിക്കാൻ. സംഗീതനാടകങ്ങൾ ആയിരുന്നല്ലോ അന്ന് അരങ്ങേറിയതെല്ലാം. ഏതൊരു ഗ്രാമത്തിലും ഇടയ്ക്കും തലയ്ക്കും ഒരു നാടകമുണ്ടാകുന്നതിനെ ആബാലവൃദ്ധം ജനം സന്തോഷപൂർവം കാത്തുകൊണ്ടിരുന്നു. സംഗീതനാടകങ്ങൾ പ്രചാരലുപ്തങ്ങളായതോടെ ഗ്രാമങ്ങളുടെ വിനോദരംഗം ശൂന്യമാവുകയാണുണ്ടായത്. തൽസ്ഥാനത്ത് മറ്റൊന്നും പൊട്ടിമുളച്ചില്ല.

ജീവിതനിർവഹണം നാട്ടിൻപുറങ്ങളിൽ താരതമ്യേന കഠിനതരമാണല്ലോ. ജീവിതത്തോതാകട്ടെ ലഘുവും. ഇതിലേയ്ക്ക് ഇടയ്ക്കൊരു വിനോദശകലം ഇറങ്ങിച്ചെല്ലുക എന്നതിന്നാകട്ടെ, ഒരു ജനസമൂഹത്തിനു മുഴുവൻ ആയുസ്സ് നീട്ടിക്കൊടുക്കുക എന്നർഥം; ഉഴുകയും തേവുകയും ചക്കാട്ടുകയും വഞ്ചികുത്തുകയും ചെയ്യുന്ന കൈകളിലേക്കു പുതുജീവൻ ഒഴുക്കിക്കൊടുക്കുക എന്നാണർഥം. ഉദിക്കും, അസ്തമിക്കും, വീണ്ടും ഉദിക്കും. അങ്ങനെ വൈചിത്ര്യശൂന്യമായിത്തിരിയുന്ന കാലത്തിന്റെ ക്രൂരകർമാക്കളായ ചക്രപ്പല്ലുകളിൽപ്പെട്ടു കറങ്ങുന്ന മനുഷ്യാത്മാവിനെ ഇടയ്ക്കൊരിക്കലെങ്കിലും രണ്ടോ മൂന്നോ മണിക്കൂർ നേരം ആ പരിതഃസ്ഥിതിയിൽ നിന്നു വിടർത്തിനിർത്താനും എല്ലാം വിസ്മരിച്ചു മറ്റൊരു ലോകത്തിൽ നടക്കുന്ന ജീവിതയാതനകളും സന്തോഷങ്ങളും കാണിച്ചുകൊടുത്ത് ആശയും ആശ്വാസവും വളർത്താനും തരപ്പെടുമെങ്കിൽ, ആ വിനോദത്തിന് മനുഷ്യൻ മറ്റേതിനെക്കാളും കൂടുതൽ വിലകല്പിക്കേണ്ടതല്ലയോ? ഈ കഴിവു മറ്റേതു വിനോദരംഗങ്ങളെക്കാളുമേറെ നാടകവേദികൾക്കുണ്ടെന്ന കാര്യം സർവവിദിതമാണ്. നമുക്ക് നമ്മുടെ വിദ്യാലയങ്ങളോടും അവയിൽ പേരും പെരുമയുമില്ലാതെ കഴിഞ്ഞുകൂടുന്ന അധ്യാപകരോടും നന്ദിപറയുക. അവരാണ് ഏറെക്കാലമായി വാർഷികോത്സവവേളകളിൽ സ്വശിഷ്യരെക്കൊണ്ട് വേഷം കെട്ടിച്ച പല നാടകങ്ങളും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും മുമ്പിൽ അരങ്ങേറ്റിവരുന്നത്. തുടർന്നു വായനശാലാപ്രവർത്തകന്മാരും ഈ തൊഴിൽ അനുകരിച്ചുവന്നു. ക്രമേണ നാട്ടിൻപുറങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും വാർഷികാഘോഷവേളയിൽ മാത്രമല്ല ഇടപ്പിറന്നാളുകളിൽകൂടി ശിവങ്കൽ ധാരയെന്നപോലെ മുട്ടാതെ നാടകങ്ങൾ അഭിനയിക്കാൻ തുടങ്ങിയിരിക്കുന്നു. പിറന്നാളും ധാരയും കഴിക്കുവാൻ വേണ്ടി ആണ്ടിലൊരിക്കൽ ഉണർന്നെഴുന്നേൽക്കുന്ന കുംഭകർണസ്ഥാപനങ്ങളുമുണ്ട്. സർവോപരി ഈ ലക്ഷ്യത്തെ മുൻനിർത്തി പ്രവർത്തിക്കുവാനായി കേരളത്തിന്റെ നവോത്ഥാനമെന്ന പേരിൽ അറിയപ്പെടുന്ന കലാസമിതികൾ ആവിർഭവിച്ചു കഴിഞ്ഞു.

തുറന്ന നാടകവേദികളാണ് ഗ്രാമങ്ങൾക്കുള്ളത്. തുറന്ന നാടകവേദികൾക്കുവേണ്ടിയുള്ള ഒരു വാദവും കലാമർമജ്ഞന്മാർക്കിടയിൽ പ്രബലപ്പെട്ടുവരുന്നുണ്ട്. നാടകനിർവഹണത്തിൽ കലാപരമായ അംശത്തെ സംബന്ധിച്ചേടത്തോളം അവരുടെ വാദങ്ങൾ ശ്രദ്ധേയങ്ങളുമാണ്. ഇവിടെ ചിന്തിക്കുന്നത് നാടകവേദികളുടെ നിലനില്പ്പിനെക്കുറിച്ചാകുമ്പോൾ കലാപരമായ അംശത്തെ മാത്രമല്ല, സാമ്പത്തികമായ വശത്തെക്കൂടി പരാമർശിക്കേണ്ടിയിരിക്കുന്നു.



നാടകങ്ങൾ നടത്താൻ ഇന്ന് പണ്ടത്തെക്കാൾ ചെലവുണ്ട്. സംഗീതജ്ഞനായ ഒരു ഹർമോണിയക്കാരനു കൊടുക്കേണ്ട പ്രതിഫലം ലാഭിച്ചിട്ടുണ്ടെങ്കിൽ അടുത്ത നഗരക്കാരനായ ഒരു ഉച്ചഭാഷിണിക്കാരനെ ക്ഷണിച്ചിരുത്തേണ്ടതിനുള്ള ചെലവ് വർധിച്ചിട്ടുണ്ട്. പ്രേക്ഷകർക്ക് കൂടുതൽ കൂടുതൽ വെളിച്ചത്തിനോട് വർധിച്ചുവരുന്ന ആവേശത്തിന്റെ പേരിലും ഒട്ടധികച്ചെലവ് നേരിടേണ്ടതുണ്ട്. മുഖത്തേപ്പിനു വില കുറഞ്ഞ മനോലയ്ക്കു പകരം ഗ്രീസ്പെയ്ന്റ്, അധുനാതനമായ മറ്റു സാമഗ്രികളും ചെലവിന്റെ കള്ളിയിൽ സംഖ്യ വർധിപ്പിക്കുകയാണ്.

ഈ ചെലവുകൾ എങ്ങനെ നിർവഹിക്കണം?

പ്രമാണിമാർ നാടകം നടത്തി പ്രജകളെ സൗജന്യമായി രസിപ്പിച്ചിരുന്ന യുഗം കഴിഞ്ഞു. ഇപ്പോഴും ഇടയ്ക്കൊരു സഹൃദയനായ ധനികൻ അങ്ങനെ ചെയ്യാൻ മുതിരുകയാണെങ്കിൽത്തന്നെ അത് പ്രോത്സാഹാർഹമല്ല. ഇന്നു നാം ചെയ്തുവരുന്ന നാടകം കളിക്കാൻവേണ്ടി ധനികരോടും സാധാരണക്കാരോടും നടന്നിരന്ന് കാശുണ്ടാക്കുകയാണ്. അവകാശത്തിനുവേണ്ടി വാദിക്കുകയും, അർഹതപ്പെട്ടതിനെ വരച്ചവരയിൽവെച്ചു വാങ്ങിക്കുകയും ചെയ്യുക എന്നതായിരിക്കുന്നു പരക്കെ മര്യാദ. അക്കാലത്ത് ദയയുടെ ശവത്തെയും പൊക്കിപ്പിടിച്ചുള്ള ഈ നടന്നു യാചിക്കൽ തന്നെ ഒരു നല്ല ഹാസ്യനാടകമായിത്തീരുന്നു. ഉത്സാഹികളായ നടന്മാർ തന്നെ വരിയിട്ടെടുത്ത് ചെലവുനടത്തുക എന്നതാകട്ടെ, ഒരു നിമിഷം പോലും നിലനിർത്താൻ കൊള്ളുന്ന സമ്പ്രദായമല്ല. കലാസമിതികളെപ്പോലുള്ള സ്ഥാപനങ്ങൾ ഗവൺമെന്റിൽ നിന്നും ഗ്രാന്റു വാങ്ങി, ഗ്രാമങ്ങളിൽ തുറന്ന നാടകവേദികൾ നിലനിർത്തുക എന്നതാണ് ഒരു മാർഗം. ഇന്നത്തെ പരിതഃസ്ഥിതിയിൽ നമുക്കതിനെ 'ഭാഗ്യായത്തമതഃപരം' എന്നു കരുതാനേ തരമുള്ളു. ഊന്നുവടി ഉണ്ടാകുന്നത് ഒരു ഭാഗ്യംതന്നെ. പക്ഷേ, ഭാഗ്യത്തെ ഒരിക്കലും ഒരുന്നൂവടിയായി കാണക്കാക്കരുത്.

തുറന്ന വേദികൾകൊണ്ട് ഗ്രാമീണരിൽ നാടകാഭിരുചി വളർത്തിക്കഴിഞ്ഞാൽ പല ഗ്രാമങ്ങളിലും അത് സാധിച്ചുകഴിഞ്ഞിരിക്കുന്നു- അത്രത്തോളം യേനകേനപ്രകാരേണ നാമതു നടത്തുകയും വേണം. പിന്നെ നാടകവേദികളെ നാടകവേദികൾതന്നെ നിലനിർത്തണം. അതിനുവേണ്ടി തുറന്ന നാടകവേദികൾ എന്ന ആശയത്തിനു പ്രായോഗികതയുടെ പേരിൽ നാം കുറേക്കാലത്തേയ്ക്കു ഗ്രാമങ്ങളിൽ പ്രവേശം നിഷേധിക്കുകയാണാവശ്യം. നമ്മുടെ മഹിളാമണികളെപ്പോലെതന്നെ തനിക്കാംപോരിത്തം കിട്ടുന്നതുവരെ നാടകകലയെയും നാം നാലുകെട്ടിനുള്ളിൽ നാലു ചുമരു കൾക്കുള്ളിൽ വെച്ചു പൂജിക്കുകയേ നിർവാഹമുള്ളൂ.

നാടകങ്ങൾ ടിക്കറ്റുവെച്ചു നടത്തണം. ഏറ്റവും ചുരുങ്ങിയ തോതിലെങ്കിലും കണിശമായി പ്രതിഫലം വസൂലാക്കാതെ യാതൊരു നാടകവും നടത്തരുത്.

ഇതിനെതിരായി നാട്ടിൽ നടമാടുന്ന ദാരിദ്ര്യത്തെ ചൂണ്ടിക്കാട്ടിയേക്കാം. അതിന്റെ പേരിൽ ഈ ആശയം ക്രൂരമാണെന്ന് അധിക്ഷേപിക്കുകയും ചെയ്തേക്കാം. അതിനുത്തരമായി ഗ്രാമാന്തരങ്ങളിൽ സർക്കീട്ടു ചെയ്യുന്ന ടൂറിങ് സിനിമകളിലേയ്ക്ക് ദരിദ്രരായ ഗ്രാമീണർ സായന്തനങ്ങളിൽ ഉള്ള ചില്വാനവും പെറുക്കിയെടുത്ത് കുഞ്ഞുങ്ങളെയും കൂട്ടി സന്തോഷപൂർവം പോകുന്നതിനെ അങ്ങോട്ടും ചൂണ്ടിക്കാണിച്ചുകൊടുക്കുകയേ വേണ്ടൂ. ടിക്കറ്റു വില നിജപ്പെടുത്തിയാൽപോലും നാടകം കാണാൻ കഴിയാത്തവരായി ഇന്നാട്ടിൽ ഏറെ ജനങ്ങൾ ഉണ്ടെന്നുള്ളത് നേരാണ്; അവരെപ്പറ്റി പറയുമ്പോൾ, അവരെ നാടകം കാണിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പ്, അവരുടെ മറ്റു പ്രാഥമികാവശ്യങ്ങളെപ്പറ്റിയാണല്ലോ നാം വിചാരപ്പെടേണ്ടിയിരിക്കുന്നത്.

മറ്റൊരു പ്രധാന കാര്യവുംകൂടി ഓർമിച്ചുകൊണ്ടാണ് പ്രതിഫലം വാങ്ങിയേ ജനങ്ങൾക്കു നാടകം കാണിക്കാവൂ എന്നു പറയുന്നത്. ഏത് ദാനവും ദാതാവിനെയല്ല ദാനം സ്വീകരിക്കുന്നവനെ, അധഃപതിപ്പിക്കും. ഈ അധഃപതനം നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ വേണ്ടതിലധികമുണ്ട്. തന്റെ കുട്ടിയെ പഠിക്കാൻ അയയ്ക്കുന്നത് അധ്യാപകനു താൻ ചെയ്യുന്ന സൗജന്യമാണെന്നു ധരിക്കത്തക്കനിലയിലെത്തിയിരിക്കുന്നു ഒരു നാട്ടുംപുറത്തുകാരൻ. സൗജന്യവിദ്യാഭ്യാസത്തിന്റെ കഥയാണിത്. പക്ഷേ, ഇതിനു കാരണം വിദ്യാശൂന്യതയായിരിക്കാം. വിദ്യാസമ്പന്നന്മാരിലും ഈ അധഃപതനം കാണുമ്പോഴോ? ഈ നാട്ടിൽ പുസ്തകവായനക്കാർ എത്രയുണ്ട്? പുസ്തകം വിലകൊടുത്തു വാങ്ങുന്നവരോ? മുണ്ടും ഷർട്ടും കണ്ണാടിയും ചീർപ്പും ഫെയ്സ് പൗഡറും സിഗരറ്റും വിലകൊടുത്ത് വാങ്ങേണ്ടവതന്നെ. അത്തരത്തിൽപ്പെട്ടതാണ് പുസ്തകങ്ങളുമെന്ന പൊതുധാരണ വളരെപ്പേരെ വിഷമിപ്പിക്കുന്നുണ്ടോ? വിദ്യാപരമായ എന്തും സൗജന്യമായി കിട്ടേണ്ടതാണെന്നും തന്മൂലം വിലയില്ലാത്തതാണെന്നും അല്ലാതെ, മറിച്ച്, ഉള്ളിൽത്തട്ടി വിചാരിക്കുന്നവരുടെ എണ്ണം എത്ര വിരളമാണ്. സാംസ്കാരികമായ ഈ അധഃപ



തനത്തെ അവസാനിപ്പിക്കേണ്ട ചുമതല കലാകാരന്മാർക്കും സഹൃദയന്മാർക്കുമുണ്ട്.

പ്രായോഗികമാണോ? ചോദിക്കുന്നവരുണ്ട്. ഈയിടെ നടത്തിയ ഒരു പരീക്ഷണത്തിന്റെ ചരിത്രം ആ ചോദ്യത്തിനു സത്യസന്ധമായ മറുപടി നൽകിയിരിക്കുന്നു. ഒരർധനഗരവും അർധഗ്രാമവുമായ പൊന്നാനിയിൽ വെച്ചാണ് ഈ പരീക്ഷണം നടത്തിയത്. കൃഷ്ണപ്പണിക്കർ വായനശാല ആറു നാടകങ്ങൾ ടിക്കറ്റുവെച്ചു നടത്തുവാൻ തീർച്ചപ്പെടുത്തി. മൂന്നെണ്ണമേ നടത്താൻ സാധിച്ചുള്ളു. പ്രയോഗാർഹങ്ങളും നടന്മാരുടെയും നാടകവേദിയുടെയും കഴിവിനു പറ്റിയവയുമായ നാടകങ്ങൾ സൗകര്യം പോലെ കിട്ടാതിരുന്നതാണ് ബാക്കി മൂന്നെണ്ണം വേണ്ടെന്നുവെക്കാൻ കാരണം. നാടകം ജീവിതവൃത്തിയായി സ്വീകരിച്ച ഒരൊറ്റ നടനും ഉണ്ടായിരുന്നില്ല. ഇന്നാട്ടിലെ ബഹുജനങ്ങൾക്കു നിത്യപരിചിതരും അതുകൊണ്ട് ആകർഷകത്വം കുറഞ്ഞവരുമായിരുന്നു നടന്മാർ. സ്ത്രീവേഷം കെട്ടുവാൻ ഒരൊറ്റ സ്ത്രീയും മുമ്പോട്ടുവരാത്തതുകൊണ്ട് പുരുഷന്മാരുടെ ഘർഘരകണ്ഠങ്ങൾക്കുതന്നെ താലിയും മാലയും കെട്ടേണ്ടിവന്നു. അവരുടെ പ്രസിദ്ധീകരണയന്ത്രം സാക്ഷാൽ ശനിദേവനെപ്പോലെ പംഗുവുമായിരുന്നു. ഇതെല്ലാമായിട്ടും ആ പരീക്ഷണം വിജയകരമായിരുന്നെന്ന് തെളിഞ്ഞു. അടുത്ത വേനൽക്കാലത്ത് തുടർന്ന് കൂടുതൽ പരീക്ഷണം നടത്തുവാൻ ആ വായനശാലക്കാർക്ക് പ്രോത്സാഹനം ലഭിച്ചിട്ടുണ്ട്.

ഗ്രാമങ്ങളിൽ ആവൃതങ്ങളായ നാടകവേദികൾ ഉണ്ടാക്കാൻ വിഷമമുണ്ട്. പുതിയ ഷെഡ്ഡുകൾ കെട്ടുന്നതുപോലും പ്രാരംഭഘട്ടങ്ങളിൽ ധനഭദ്രത തകർത്തുകളയും. ഗ്രാമീണവിദ്യാലയങ്ങളെ രാത്രികാലങ്ങളിൽ ഇത്തരം കലാവേദികളായി മാറ്റുകയാണ് വേണ്ടത്.

ഗവൺമെന്റിന്ന് ഗ്രാമീണനാടകവേദികളെ വളർത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ മൂന്നുതരം സൗജന്യങ്ങൾ ചെയ്തുതരുവാൻ സാധിക്കും. കലാസമിതികൾക്കും അതുപോലുള്ള വർഗീയമല്ലാത്ത സാംസ്കാരിക സംഘടനകൾക്കും വിദ്യാലയക്കെട്ടിടങ്ങളും സാമഗ്രികളും സ്കൂൾസമയത്തിനുശേഷം ഉപയോഗിക്കാൻ അവരുടെ അനുവാദം കൊടുക്കുകയാണൊന്ന്. കലാസമിതികൾ, വായനശാലകൾ, പള്ളിക്കൂടങ്ങൾ, ഇവയുടെ ആഭിമുഖ്യത്തിൽ ടിക്കറ്റുവെച്ചു നടത്തുന്ന നാടകാദിദൃശ്യകലാപ്രകടനങ്ങളെ വിനോദനികുതിയിൽനിന്ന് എന്നെന്നേക്കും ഒഴിവാക്കുകയാണ് രണ്ടാമത്തേത്. നാടകം അഭിനയിക്കുവാൻ ആർ.ഡി.ഓ.വിന്റെ അനുവാദം വാങ്ങണമെന്ന നിബന്ധന, മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലാവുമ്പോൾ അവയുടെ ചുമതലാബോധത്തെ മാനിച്ച് തികച്ചും പിൻവലിക്കുകയാണ് മൂന്നാമത്തേത്. നാടകാദി കലാപ്രകടനങ്ങളിലൂടെ ബഹുജനാധ്യാപനം എത്രമാത്രം ശീഘ്രഗതിയിലും ഫലപ്രദമായും സാധിക്കാമെന്നോർക്കുമ്പോൾ ഇതിൽക്കവിഞ്ഞ ആനുകൂല്യങ്ങൾതന്നെ ഗവൺമെന്റിൽനിന്നു പ്രതീക്ഷിക്കാവുന്നതാണല്ലോ.

ഗ്രാമീണ നാടകവേദികൾ നിലനിർത്തുന്നതിനെപ്പറ്റിയുള്ള ഈ ചർച്ചയിൽ അതിന്റെ കലാപരമായ വശത്തെക്കുറിച്ചും പലതും പറയാറുണ്ട്. സംഗീതനാടകങ്ങൾ നമ്മുടെ നാട്ടിൽ പ്രചാരലുപ്തമായത് അവയിൽ സംഗീതമുണ്ടായതുകൊണ്ടല്ല. ആ സംഗീതസംവിധാനം ജനങ്ങളുടെ സഹനശക്തിക്കു താങ്ങു പൊറുക്കാതായതുകൊണ്ടാണ്. സംഗീതത്തിൽ വാസനയോ വൈദൂഷ്യമോ ഇല്ലാത്ത നടന്മാരെ സ്റ്റേജിൽ കയറ്റി വീട്ടുമൃഗങ്ങളെ വെല്ലുവിളിക്കാൻ തുടങ്ങിയപ്പോൾ, സംഗീത നാടകരംഗത്തിൽ അഭിനേതാവിന്റെ എല്ലാ ചലനങ്ങളിലും അനുപേക്ഷണീയമായി പാലിക്കേണ്ട താളക്രമം ഒരുതരം ഭൂതാവിഷ്ടരുടെ തുള്ളലിനോട് അടുത്തെത്തുകയും ചെയ്തപ്പോൾ നാടകത്തിനുവേണ്ടി സ്റ്റേജ് കെട്ടുന്നതു കണ്ടാൽ തദ്ദേശവാസികൾ മെല്ലെ മെല്ലെ ഒഴിച്ചുപോകാൻ തുടങ്ങി. അങ്ങനെയാണ് സംഗീത നാടകരംഗങ്ങൾ ശൂന്യമായത്. എങ്കിൽ അത്തരമൊരാപത്ത് ഗദ്യനാടകരംഗങ്ങളെയും തുറിച്ചുനോക്കിക്കൊണ്ട് അടുത്തുതന്നെ നിൽക്കുന്നുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. സംഗീതം വേണ്ടെന്ന് വന്നപ്പോൾ ആർക്കും നടനായി അരങ്ങത്തുവരാമെന്നായിരിക്കുന്നു. സംഭാഷണങ്ങൾ തെറ്റാതെ ഉരുവിട്ടാൽ മതിയല്ലോ. അതും കാണാതെ പഠിക്കണമെന്നില്ല. നടന്റെ തൊട്ടു പിന്നിൽ നിന്നൊരു വിദ്വാൻ തെങ്ങിൻകുരലുകളെ ആക്രമിക്കുന്ന കരിവണ്ടിന്റെ ശാരീരത്തിൽ പ്രോംപ്റ്റ് ചെയ്തുകൊണ്ടിരിക്കും. അതങ്ങനെ ഉച്ചത്തിൽ ആവർത്തിക്കുകയേ വേണ്ടൂ. പലപ്പോഴും മൈക്കിലൂടെ ഈ രണ്ടു പ്രസംഗങ്ങളും വഴിക്കുവഴിയേ വന്നു നാടകത്തിന് ഒരൊന്നാന്തരം പാതിരി പ്രസംഗത്തിന്റെ ഛായകൊടുക്കാറുണ്ട്. അഭിനയകലയെക്കുറിച്ചുള്ള ഈ ലഘുത്വബോധത്തിന് എതിരായി ശക്തിമത്തായ താക്കീതു കൊടുക്കാൻ കാലം അതിക്രമിച്ചുപോയെന്ന് കരുതേണ്ടിയിരിക്കുന്നു.

നാടകങ്ങൾ, വിശേഷിച്ചും ഗദ്യനാടകങ്ങൾ, ജീവിക്കുന്നത് അഭിനയകലയിലൂടെയാണ്. മുഖത്ത് തികച്ചും ഭാവസ്ഫുരണവും സമുചിതമായ അംഗവിക്ഷേപങ്ങളും, ചടുലവും സ്വാഭാവിക



വുമായ സംഭാഷണവുമില്ലെങ്കിൽ ഏതു നല്ല നാടകവും ശോഭിക്കുകയില്ല. അരങ്ങത്തു നിൽക്കുന്ന നടന്റെ ഓരോ ചലനവും നിയന്ത്രിതവും സ്വാഭാവികവും സുന്ദരവുമായിരിക്കണം. ഒന്നിലധികം നടന്മാർ ഒരുമിച്ച് അരങ്ങത്തു വരുമ്പോൾ അവരെക്കൊണ്ടുണ്ടാകുന്ന ആകൃതിവിശേഷത്തിന് തികച്ചും രൂപഭദ്രതയും വേണം. സഹനടന്മാർക്ക് തോളൊത്തുനിൽക്കുകയെന്നതും ഒരു നടനു വേണ്ട പ്രാഥമികഗുണങ്ങളിൽ ഒന്നാണ്.

രംഗസംവിധാനത്തിലും കുറേക്കൂടി ശ്രദ്ധിക്കണമെന്ന് പറയാതിരിക്കാൻ വയ്യ. ഇലക്ട്രിക് സീനുകളെക്കൊണ്ട് അത്ഭുതവിദ്യകൾ കാണിക്കണമെന്ന് ഇവിടെ അഭിപ്രായമില്ല. മറിച്ച്, ഒരേ ബഞ്ച്‌രംഗത്തിൽ കിഴക്കുപടിഞ്ഞാറും മാറ്റി തെക്കും വടക്കും ഇട്ടുകൊണ്ട് ഒരു മഹാനഗരത്തിലെ മണി മാളികയിലേക്കും, ഒരു കുഗ്രാമത്തിലെ ചെറ്റക്കുടിലിലേക്കും പ്രേക്ഷകന്റെ ഭാവനയെ പിടിച്ചുവലിക്കുന്നത് ബലാത്കാരമാവും!

വേഷവിദ്യയെപ്പറ്റിയും രണ്ടുവാക്കു പറയാനുണ്ട്. മനുഷ്യമുഖം മനോഹരമാണ്. അതിനെ കൂടുതൽ മനോഹരമാക്കുകയാവണം മുഖത്തേപ്പിന്റെ കർത്തവ്യം. ഇപ്പറഞ്ഞതിനർഥം പതിനേഴുകാരിയായ കഥാനായികയുടെയും, അമ്പതു കഴിഞ്ഞ വൃദ്ധവേശ്യയുടെയും മുഖം ഒരുപോലെ ചെമ്പനീർപ്പൂക്കളാക്കണമെന്നല്ല. വൈരൂപ്യത്തിലും സൗന്ദര്യം ദർശിക്കുക എന്നൊന്നുണ്ട്. ഔചിത്യദീക്ഷയിലേ സൗന്ദര്യമുള്ളൂ. ആ കഴിവുറ്റവനായിരിക്കണം തേപ്പുകാരൻ. അയാൾ നാടകം വായിച്ചിരിക്കണം; കഥാപാത്രങ്ങളെ മനസ്സിലാക്കിയുമിരിക്കണം. കഥകളിപോലെ ചുട്ടികുത്തേണ്ട ആവശ്യമില്ലല്ലോ നാടകത്തിന്. അതുകൊണ്ട് അവിടെയും ഒരു ലഘുത്വബോധം കടന്നുകൂടുന്നുണ്ട്. ഒരു ചെറിയ അനുഭവം പറയട്ടെ; ഒരു ഗ്രാമീണ നാടകശാലയുടെ അണിയറയിൽ നടന്നതാണ്. പ്രവർത്തകന്മാർ ക്രീപ് ഹെയർ വാങ്ങാൻ വിട്ടുപോയിരുന്നു. പരിഭ്രമമായി. ആ നാട്ടിൻപുറത്ത് എന്തു ചെയ്യും. വല്ലഭനു പുല്ലുമായുധം. മേക്കപ്പുകാരൻ ചോദിച്ചു. കുളവാഴ കിട്ടുമോ എന്ന്. അവിടെയാകട്ടെ, ധാരാളം വിളയുന്ന സസ്യവിഭവം അതൊന്നുമാത്രം. വേണ്ടോളം എത്തിച്ചുകഴിഞ്ഞു. വേരെടുത്ത് നടന്മാർക്ക് വേണ്ടിടത്തോളം താടിമീശകളും സൃഷ്ടിച്ചു. അന്നത്തെ വേഷങ്ങളൊക്കെ ഭൂമുഖത്ത് ഇന്നോളം അറിയപ്പെടാത്ത ഏതോ ദ്വീപിൽ നിന്നുവന്ന ദുർമുഖന്മാരായതിരിക്കട്ടെ, തുടർന്നു വളരെ ദിവസത്തേക്ക് ആ നല്ല കുട്ടികൾ ചൊറിഞ്ഞുചീർത്ത മുഖവും ലേപനൗഷധങ്ങളുമായി കഴിച്ചുകൂട്ടിയ കഥ ഓർക്കുമ്പോൾ വ്യസനം തോന്നും.

നാടകത്തിന്റെ കലാപരമായ വശത്തിൽ നാം കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതായിരിക്കുന്നു. സൗന്ദര്യാരാധകരായ യഥാർത്ഥ കലാകാരന്മാരില്ലാതെ ഗ്രാമീണ നാടകവേദികളെ വിഭാവനം ചെയ്യാൻ തന്നെ പാടില്ലാത്തതാണ്.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പു. 31, ലക്കം 11, മെയ് 31, 1953, പു. 5–6